⇨ *2008 മുതലാണ് ഒരു വൻകിട ക്രഷർ ഫാക്ടറി സ്ഥാപിക്കാനുനള്ള ശ്രമം ആരംഭിക്കുന്നത്* ⇨

പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിക്കുന്ന, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറക്വാറികൾക്കെതിരെ നടക്കുന്ന ജനകീയ സമരങ്ങളെക്കുറിച്ചുള്ള കേരളീയം പംക്തി തുടരുന്നു.

# മാമ്പ്ര ക്വാറിവിരുദ്ധ സമരം: അനധികൃത ഖനനത്തിന് ഒത്താശചെയ്യുന്നവർ

എറണാകുളം ജില്ലയിലെ പാറക്കടവ് പഞ്ചായത്തിലെ മാമ്പ്ര നിവാസികൾ അനധികൃത ക്വാറികൾക്കും ക്രഷർ ഫാക്ടറിക്കുമെതിരെ നടത്തുന്ന പോരാട്ടത്തെക്കുറിച്ച്

**ഡോ. ബിനു. കെ. ദേവസ്സി**

**ജനജീവിതം** ദുഃസഹമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന പാറമടകൾക്കും ക്രഷർ ഫാക്ടറിക്കുമെതിരായ ശക്തമായ സമരത്തിലാണ് പാറക്കടവ് ഗ്രാമപഞ്ചായത്തിലെ മാമ്പ്ര നിവാസികൾ. അനധികൃത ഖനനം നടത്തുന്ന ക്വാറികൾ മൂലം കുടിവെള്ളം മുട്ടുകയും മറ്റ് പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാവുകയും ചെയ്തതോടെയാണ് 2008 ൽ പരിസ്ഥിതി സംരക്ഷണ ജനകീയ സമിതി എന്ന കൂട്ടായ്മയ്ക്ക് രൂപം നൽകി, നാട്ടുകാർ പാറമടകൾക്കെതിരെ പോരാട്ടം ആരംഭിച്ചത്. സമിതിയുടെ മുൻകൈയിൽ നടന്ന സമരങ്ങളിലൂടെയും നിയമയുദ്ധത്തിലൂടെയും 12 മടകൾ ശാശ്വതമായി നിറുത്തലാക്കുവാൻ സാധിച്ചു. ഇനിയും 12 വലിയ ക്വാറികൾ എല്ലാ നിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ട്, അധികൃതരുടെ അറിവോടും രാഷ്ട്രീയ പാർട്ടികളുടെ പിൻബലത്തോടും ഇവിടെ ഖനനം തുടരുന്നുണ്ട്. ഇതിനെതിരെ ഹൈക്കോടതിയിൽ കേസുകൾ നടക്കുകയാണ്.

അനധികൃത ഖനനം മൂലം ജനങ്ങൾ പൊറുതി മുട്ടിയിരിക്കുമ്പോഴാണ് 2008 മുതൽ ഈ പ്രദേശത്ത് ഒരു വൻകിട ക്രഷർ ഫാക്ടറി സ്ഥാപിക്കാനുള്ള ശ്രമം ആരംഭിക്കുന്നത്. 2008 ജൂലായ് 12ന്, ക്രഷർ ഫാക്ടിറിയെക്കതിരെ ഗ്രാമസഭയിൽ ഐക്യകണ്ഠേന പ്രമേയം പാസാക്കുകയും 300 കുടുംബങ്ങൾ ഒപ്പിട്ട നിവേദനം പഞ്ചായത്തിൽ നൽകുകയും ചെയ്തു. എന്നാൽ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതി ഇതെല്ലാം അവഗണിച്ചുകൊണ്ട് 2008 ഡിസംബറിൽ ക്രഷർ യൂണിറ്റിന് ബിൽഡിങ്ങ് പെർമിറ്റ് നൽകി. തുടർന്ന് നാട്ടുകാർ സമസ്ത അധികാര കേന്ദ്രങ്ങളിലും പരാതി നൽകിയെങ്കിലും ഫലമില്ലാതെ വന്നതോടെ ക്രഷർ യൂണിറ്റിനെതിരെ നിയമയുദ്ധം ആരംഭിച്ചു. കേസുകളുടെ ഫലമായി 2009 ൽ നിർമാണം പൂർത്തിയാക്കിയ ക്രഷർ യൂണിറ്റിന് 2013 ലാണ് പ്രവർത്തനം തുടങ്ങാനായത്. മാർച്ച് 2013 ൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതി സാൻഡ്റോക്ക് അഗ്രഗേറ്റ്സ് എന്ന വൻകിട ക്രഷർ യൂണിറ്റിനും അനുബന്ധ ക്വാറിയ്ക്കും Dangerous and Offensive (D&O) ലൈസൻസ് നൽകിയതോടെയാണ് നാട്ടുകാർ ഒറ്റക്കെട്ടായി




സമരരംഗത്തിറങ്ങിയത്.

**മരുഭൂമിയായി മാറിയ മാമ്പ്ര**

എറണാകുളം, തൃശൂർ ജില്ലകളിലായാണ് മാമ്പ്ര എന്ന കൊച്ചുഗ്രാമം സ്ഥിതി ചെയ്യുന്നത്. ആലുവ താലൂക്കിന്റെ ഭാഗമായ പാറക്കടവ് പഞ്ചായത്തിലാണ് മാമ്പ്ര ഉൾപ്പെടുന്നത്. പാറക്കടവ് എന്ന പേര് സൂചിപ്പിക്കുത് പോലെ തന്നെ പാറക്കെട്ടുകൾ നിറഞ്ഞതാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗ പ്രദേശങ്ങളും. ഒരു കാലത്ത് 75 ഓളം പാറമടകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. മാമ്പ്രയുടെ പടിഞ്ഞാറ് ഭാഗത്തായി ചാലക്കുടി പുഴ ഒഴുകുന്നത് മൂലം വളരെ ഹരിതാഭമാണ് ഈ പ്രദേശം. ഒരു കാലത്ത് പച്ചവിരിച്ച നെൽപാടങ്ങളായിരുന്നവയെല്ലാം ഇന്ന് തരിശായികിടക്കുകയാണ്. മാമ്പ്രപാടശേഖരങ്ങൾക്ക് സമീപമുള്ള എരയാംകുടി പാടത്താണ് ജയശ്രീ ടീച്ചറുടെ നേതൃത്വത്തിൽ കളിമൺ മാഫിയകൾക്കെതിരെ സമരം നടന്നത്. മാമ്പ്രയുടെ കിഴക്ക് ഭാഗം മനോഹരമായ കുന്നുകളും മലകളും നിറഞ്ഞ പ്രദേശമായിരുന്നു. ഈ കുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്ന നീരുറവകൾ നാട്ടുകാർ കുടിയ്ക്കാനും, കുളിക്കാനും ഉപയോഗിച്ചിരുന്നു. എന്നാൽ പാറമട മുതലാളിമാരുടെ കടന്നുവരവോടെ ഇവിടം മരുഭൂമിപോലെ ആയിത്തീർന്നു.

ഇവിടെ ഇപ്പോൾ അവശേഷിക്കുന്നത് 300 മുതൽ 400 മീറ്റർ വരെ ആഴമുള്ള, പാറഖനനത്തിനുശേഷം ഉപേക്ഷിക്കപ്പെട്ട, അപകടം പതിയിരിക്കുന്ന അഗാധഗർത്തങ്ങൾ മാത്രം. അത്ര തന്നെ ആഴമുള്ള നിരവധി മടകൾ ഇവിടെ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. 20 അടി കുഴിച്ച് പാറഖനനം നടത്താൻ മാത്രമാണ് KMMCR (Kerala Minor Mineral Concession Rules) പ്രകാരം അനുവാദമുള്ളത്. ഭൂഗർഭജലം പമ്പുചെയ്ത് നീക്കി അമിത ആഴത്തിലും അളവിലും ഖനനം നടത്തിയാണ് ഇവിടെ പാറമടകൾ പ്രവർത്തിക്കുന്നത്.

ആഴത്തിലുള്ള പാറഖനനം മൂലം സമീപത്തുള്ള കിണറുകൾ വറ്റിവരളുകയും കുടിവെള്ളം കിട്ടാക്കനിയാവുകയും ചെയ്തപ്പോഴാണ് നാട്ടുകാർ പാറമടകൾക്കെതിരെ സമരത്തിനിറങ്ങുന്നത്. മാത്രവുമല്ല, പാറമടകളിൽ നിന്നുള്ള രാസവസ്തുക്കളുടെയും സ്ഫോടകവസ്തുക്കളുടെയും അംശങ്ങളുമടങ്ങിയ മലിനജലം പുറത്തേയ്ക്ക് പമ്പുചെയ്ത് വിടുന്നത് മൂലം അവശേഷിക്കുന്ന ജലസ്രോതസുകളും മലിനമാക്കപ്പെട്ടു. ക്രഷർ യൂണിറ്റിന്റെയും പ്രവർത്തനം ആരംഭിച്ചതോടെ ശബ്ദമലിനീകരണവും പൊടിശല്യവും രൂക്ഷമായി. കൂടാതെ, മാമ്പ്രയിലെ ടാറിടാത്തതും പൊട്ടിപ്പൊളിഞ്ഞതുമായ നാട്ടുപാതകളിലൂടെ ക്രഷറിൽ നിന്നും ടൺ കണക്കിന് ഭാരം കയറ്റിയ വലിയ ടിപ്പർ ലോറികൾക്കും ടോറസ് വണ്ടികൾക്കും പുറമേ പാറമടയിൽ നിന്നുള്ള കരിങ്കല്ല് കയറ്റിയ ലോറികളും അമിത വേഗത്തിലും അപകടകരമായും ചീറിപായുന്നത് ജനങ്ങളുടെ ജീവന് ഭീഷണിയായി ത്തീർന്നു. അധികാരികൾക്ക് നിരവധി പരാതികൾ നൽകിയെങ്കിലും നടപടികൾ ഒന്നും ഉണ്ടാവാതെ വന്നപ്പോൾ നാട്ടുകാർക്ക് സമരമല്ലാതെ മറ്റ് വഴികളൊന്നും ഇല്ലായിരുന്നു.

**പോലീസ് ആരുടെ പക്ഷത്ത്?**

എന്നാൽ ജീവിക്കാനായി സമര രംഗത്തേക്കിറങ്ങിയ നാട്ടുകാരുടെ ചെറുത്തുനിൽപ്പിനെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് അടിച്ചമർത്താനാണ് ഭരണകൂടത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയോടെ ഖനന ലോബി ശ്രമിച്ചത്. ഇതിനുദാഹരണമാണ് ഏപ്രിൽ ആദ്യം ക്രഷർ ഫാക്ടറിയുടെ അപ്രോച്ച് റോഡ് ഉപരോധിച്ച സ്ത്രീകളടക്കമുള്ള സമരക്കാരെ ക്രഷർ മുതലാളിയുടെ ആൾക്കാർ മർദ്ദിച്ച സംഭവം. സമരവുമായി ബന്ധപ്പെട്ട് നാട്ടുകാൾക്കെതിരെ അങ്കമാലി പോലീസ് ഇതിനകം 15 ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പലതും ജാമ്യമില്ലാവകുപ്പുകൾ പ്രകാരമാണ്. സമരസമയത്ത് സ്ഥലത്തില്ലായിരുന്ന സമരസമിതി നേതാക്കൾക്കെതിരെ പോലും നിരവധി കേസുകൾ ചാർജ് ചെയ്യപ്പെട്ടു. ക്രഷർ ഉടമയുടെ ആളുകൾ സമരക്കാരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് എടുത്ത

കേസിൽ മേൽ നടപടി സ്വീകരിക്കാൻ മടിക്കുന്ന പോലീസ്, സമരവുമായി ബന്ധപ്പെട്ട കേസുകളുടെ പേരിൽ നാട്ടുകാരെ പീഡിപ്പിക്കുകയാണ്. സമരക്കാരെ സാമൂഹികവിരുദ്ധരായി ചിത്രീകരിച്ചും, അറസ്റ്റ് ചെയ്തും, ജനങ്ങൾക്കിടയിൽ ഭയാശങ്കസൃഷ്ടിച്ചും സമരത്തിന്റെ ജനകീയ പിന്തുണ കുറയ്ക്കാനാണ് അങ്കമാലി പോലീസ് ശ്രമിച്ചത്. സമരക്കാരിൽ 2 പേരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത് ആലുവ സബ് ജയിലിൽ 3 ദിവസം റിമാൻഡ് ചെയ്ത സംഭവം ഇതിനുദാഹരണമാണ്. ക്രഷറിനും ക്വാറികൾക്കുമെതിരെ സമരം ചെയ്തതിന്റെ പേരിൽ സ്ത്രീകളും കുട്ടികളുമടക്കമുള്ള സമരക്കാരെ ബലം പ്രയോഗിച്ച് അറസ്റ്റ്ചെയ്യുക

ആധുനിക യന്ത്രസംവിധാനങ്ങളുപയോഗിച്ചുള്ള പാറഖനനം, വലിയ തോതിലുള്ള മൂലധനനിക്ഷേപം ആവശ്യപ്പെടുന്നതിനാലും, ഇതിനുവേണ്ട പെർമിറ്റുകളും ലൈസൻസുകളും ലഭിക്കുന്നതിന് രാഷ്ട്രീയാധികാരത്തിന്റെ പിന്തുണ അനിവാര്യമായതിനാലുമാണ് ചെറുകിട പാറമടകൾ നിന്നുപോകുവാനും കുത്തക മുതലാളിമാർ ഈ രംഗത്ത് തഴച്ചുവളരാനും കാരണം

യും രാത്രി വരെ തടങ്കലിൽ വയ്ക്കുകയും ചെയ്തു. എന്നാൽ ക്രഷർ ഉടമയുടെ ഗുണ്ടകൾക്കും പോലീസിന്റെ അടിച്ചമർത്തലുകൾക്കുമൊന്നും നാട്ടുകാരുടെ ന്യായമായ ആവശ്യങ്ങളിലൂന്നിയ സമരത്തെ തളർത്താനായിട്ടില്ല.

നാട്ടുകാരുടെ സമരഫലമായി 2013 മാർച്ച് 5ന് D&O ലൈസൻസ് ലഭിച്ച ക്രഷർ യൂണിറ്റിന് ഇതുവരെ പ്രവർത്തിക്കാനായിട്ടില്ല. സാൻഡ്റോക്കിന്റെ ക്വാറിക്ക് പാറഖനനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ നിരോധന ഉത്തരവ് നൽകി. ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്ന്, പാറക്കടവ് പഞ്ചായത്തിലെ നിയമലംഘനം നടത്തി പ്രവർത്തിച്ച മുഴുവൻ ക്വാറികൾക്കും ജില്ലാ ജിയോളജിസ്റ്റ് നിരോധന ഉത്തരവ് നൽകിയിരിക്കുന്നു. ക്രഷറിന്റെയും ക്വാറികളുടെയും പ്രവർത്തനം നിലച്ചതോടെ നാട്ടുകാരും താത്കാലികമായി സമരം നിർത്തിവച്ചിരിക്കുകയാണ്.

**ഖനനത്തിന്റെ ചരിത്രം**

എഴുപതുകളുടെ ആരംഭത്തിലാണ് പാറക്കടവ് ഗ്രാമപഞ്ചായത്തിലെ മാമ്പ്ര, പുളിയനം, ഇളവൂർ, വട്ടപ്പറമ്പ് പ്രദേശങ്ങളിൽ പാറഖനനം ആരംഭിക്കുന്നത്. അന്ന് ഇവിടെ ഏകദേശം 75 ഓളം ചെറിയ പാറമടകളാണ് ഉണ്ടായിരുന്നത്. പരമ്പരാഗത രീതിയിൽ മെഷിനറിയുടെ സഹായമില്ലാതെ നടത്തിയിരുന്ന ഖനനപ്രവർത്തനങ്ങൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയോ പരിസ്ഥിതിയ്ക്ക് വലിയ ആഘാതം ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല. 90 കളുടെ ആരംഭത്തിൽ പാറമടകളിൽ യന്ത്രവത്കരണം നടപ്പിലാക്കിയപ്പോൾ ചെറിയ ക്വാറികൾ പലതും അപ്രത്യക്ഷമാവുകയും അവയുടെ സ്ഥാനത്ത് ആധുനിക യന്ത്രങ്ങളുടെ സഹായത്താൽ വൻതോതിൽ ഖനനം നടത്തുന്ന കൂറ്റൻ ക്വാറികൾ അവശേഷിക്കുകയും ചെയ്തു. ആധുനിക യന്ത്രസംവിധാനങ്ങളുപയോഗിച്ചുള്ള പാറഖനനം, വലിയ തോതിലുള്ള മൂലധനനിക്ഷേപം ആവശ്യപ്പെടുന്നതിനാലും, ഇതിനുവേണ്ട പെർമിറ്റുകളും ലൈസൻസുകളും ലഭിക്കുന്നതിന് രാഷ്ട്രീയാധികാരത്തിന്റെ പിന്തുണ അനിവാര്യമായതിനാലുമാണ് ചെറുകിട പാറമടകൾ നിന്നുപോകുവാനും കുത്തകമുതലാളിമാർ ഈ രംഗത്ത് തഴച്ചുവളരാനും കാരണം. ഇപ്രകാരം ഒരു ചെറുകിട വ്യവസായമായിരുന്ന പാറഖനനം വൻവ്യവസായമായി മാറി. അതോടെ നിരവധി പാരിസ്ഥിതിക, ആരോഗ്യ, സാമൂഹിക പ്രശ്നങ്ങൾ ഉടലെടുത്തു. വൻവ്യവസായങ്ങൾക്ക് ഉപജീവനമാർഗ്ഗം എന്നതിനേക്കാൾ പരമാവധി ലാഭമുണ്ടാക്കുക എന്ന ലക്ഷ്യമാണുള്ളത്. കല്ലും മണ്ണും വെട്ടിയെടുത്ത്, ഒരു പ്രദേശമാകെ അഗാധഗർത്തങ്ങൾ സൃഷ്ടിച്ച്, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർത്ത്, ജനജീവിതം ദുഃസഹമാക്കി നടത്തുന്ന പാറഖനനവും പാറമണൽ ഖനനവും വികസനമല്ല. ഒരു പ്രദേശത്തിന്റെ വികസനം ആ പ്രദേശത്തെ ജനങ്ങളുടെ സ്വൈര്യമായി ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെ നിരസിച്ചുകൊണ്ടാവരുത്.

**നിയമലംഘനങ്ങൾ**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പാരിസ്ഥിതിക ദുർബല പ്രദേശമായി കണക്കാക്കി ESZ (Ecologically Sensitive Zone) 2 ൽ ഉൾപ്പെടുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ നാല് താലൂക്കുകളിലൊന്നായ ആലുവ താലൂക്കിൽ വരുന്ന ഭൂപ്രദേശമാണ് മാമ്പ്ര. അതുകൊണ്ടുതന്നെ ഈ പ്രദേശത്തെ ഖനന പ്രവർത്തനങ്ങൾ നിബന്ധനകൾക്ക് വിധേയമായിരിക്കണം. എന്നാൽ എല്ലാ നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടാണ് ഇവിടുത്തെ ക്വാ

റികളും ക്രഷർ യൂണിറ്റും പ്രവർത്തിക്കുന്നത്. അനുവദനീയമായതിലും ആഴത്തിലും അളവിലുമാണ് പ്രദേശത്തെ ക്വാറികളിൽ പാറഖനനം നടത്തുന്നത്. പാറഖനനത്തിന് അനുവദനീയമായ ആഴം 20 അടി ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ 10 ഉം 20 ഉം ഇരട്ടി ആഴമുള്ളതുമാണ് ഇവിടുത്തെ ഒട്ടുമിക്ക പാറമടകളും. സംരക്ഷണ ഭിത്തിയില്ലാതെ പ്രവർത്തിക്കുന്ന പാറമടകളിൽ വീണ് ഇതിനകം 20 പേർ അപായപ്പെടുകയും പാറമടയിൽ ജോലിചെയ്യുമ്പോൾ അപകടത്തിൽപ്പെട്ട് 15 പേർ മരണമടയുകയും ചെയ്തിട്ടുണ്ട്. സ്ഫോടനം നടത്തുമ്പോൾ കല്ലുകൾ തെറിച്ചുവീണ് പരിക്കുപറ്റിയ നിരവധിപേർ ഈ നാട്ടിലുണ്ട്. ടിപ്പർലോറി ഇടിച്ച് അഞ്ച് പേർ മരണപ്പെട്ടു.



പ്രതിവർഷം 2000 ടൺ പാറ ഖനനം ചെയ്യുന്നതിനാണ് മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് അനുമതി നൽകുന്നതെങ്കിലും ഈ 2000 ടൺ ഒരു ദിവസം കൊണ്ട് പൊട്ടിച്ചെടുക്കുന്ന പാറമടകളാണ് ഇവിടെയുള്ളത്. ജിയോളജി വകുപ്പിന്റെയും, പോലീസ് ഡിപ്പാർട്ടുമെന്റിന്റെയും, റവന്യൂ അധികാരികളുടേയും ഒത്താശയോടെയാണ് ഈ പകൽകൊള്ള. ഇതുമൂലം റോയൽറ്റി ഇനത്തിൽ പൊതുഖജനാവിന് കോടികളുടെ നഷ്ടമാണ് സംഭവിക്കുന്നത്.

ആഴപരിധി ലംഘിച്ച പാറമടകളുടെ മൈനിങ്ങ് പെർമിറ്റ് പുതുക്കി നൽകിയതിനെതിരായി ചീഫ് സെക്രട്ടറിയേയും ജില്ലാ ജിയോളജിസ്റ്റിനെയും പ്രതിചേർത്ത് സമിതി ഹൈക്കോടതിയിൽ ഫയൽചെയ്ത കേസിൽ, 'നിങ്ങൾ പരിസ്ഥിതിയെയാണോ, പരിസ്ഥിതി നശിപ്പിക്കുന്നവരെയാണോ, സംരക്ഷിക്കുന്നത്?' എന്നാണ് കോടതി സർക്കാരിനോട് ചോദിച്ചത്. ഈ വിഷയത്തിൽ ഉചിതമായ നടപടി ഉടൻ സ്വീകരിച്ചില്ലെങ്കിൽ ചീഫ് സെക്രട്ടറിയേയും, ജില്ലാ ജിയോളജിസ്റ്റിനെയും കോടതിയിൽ വിളിച്ചുവരുത്തുമെന്ന് കോടതി 2013 ജൂൺ ഏഴിലെ ഉത്തരവിൽ വ്യക്തമാക്കി. തുടർന്ന് സർക്കാർ ആഴപരിധി ലംഘിച്ച എല്ലാ ക്വാറികൾക്കും മെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറക്കടവ് പഞ്ചായത്തിലെ അനധികൃത ക്വാറികൾക്ക് രണ്ട് മാസമായി ജിയോളജിസ്റ്റ് നിരോധന ഉത്തരവ് നൽകിയിരിക്കുകയാണ്.

**മാമ്പ്രയിലെ ദുരിതജീവിതം**

മാമ്പ്രയിൽ പാറമടകൾക്ക് സമീപം താമസിക്കുന്ന ഒട്ടനവധിപേർ ക്യാൻസർ മൂലം മരണമടയുകയും നിരവധിപേർ ക്യാൻസർ ബാധിതരുമാണ്. ആസ്മ, ടിബി, തുമ്മൽ, ത്വക്ക്രോഗങ്ങൾ എന്നിവ മൂലം നിരവധി പേർ പീഡിപ്പിക്കപ്പെടുന്നു. പാറമടകളിൽ നിന്നുള്ള പൊടി ശല്യവും ശബ്ദമലിനീകരണവും കല്ലുകൾ തെറിച്ചുവീഴുന്നതും കാരണം നിരവധി കുടുംബങ്ങൾ ഈ പ്രദേശത്ത് നിന്നും വിറ്റൊഴിഞ്ഞുപോയി. പാറമട മുതലാളിമാർ ബോധപൂർവ്വം ജനങ്ങളെ ബുദ്ധിമുട്ടിച്ച് അവരുടെ ഭൂമി നിസാരവിലക്ക് കൈക്കലാക്കുന്നു. പകലന്തിയോളം നീണ്ടുനിൽക്കുന്ന യന്ത്രങ്ങളുടെ മുരൾച്ചയും വാഹനങ്ങളുടെ ശബ്ദങ്ങളും സ്ഫോടന ശബ്ദവും കുട്ടികളുടെ പഠനത്തിന് വിഘാതമാവുന്നുണ്ട്.

ക്രഷർ യൂണിറ്റിൽ പാറമണൽ പ്രോസസ് ചെയ്യുന്നതിന് വൻതോതിൽ ഭൂജലം ഉപയോഗിക്കുന്നതു മൂലം പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. പാറമണൽ ഉൽപാദിപ്പിക്കുന്നതിന് പ്രതിദിനം ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ആവശ്യമായി വരും. ഇതിനായി ആയിരക്കണക്കിന് അടി താഴ്ചയുള്ള വലിയ വ്യാസമുള്ള കുഴൽക്കിണറുകളാണ് കുഴിച്ചിട്ടുള്ളത്. ഒരു കാലത്ത് ജലസ്രോതസുകളാൽ സമൃദ്ധമായിരുന്ന ഈ പ്രദേശത്ത് ഇപ്പോൾ കുടിവെള്ളം പണം കൊടുത്ത് വാങ്ങിക്കേണ്ട ഗതികേടിലാണ് സാധാരണ ജനങ്ങൾ. ഇക്കാരണങ്ങളാൽ തന്നെയാണ് രണ്ട്, മൂന്ന്, പതിനൊന്ന് വാർഡുകളിലെ ഗ്രാമസഭകളിൽ ക്വാറികൾക്കും, മണൽ പ്ലാന്റിനും, ക്രഷറിനുമെതിരായി നാട്ടുകാർ

⇨ *പരാതിയെതുടർന്ന് സെക്രട്ടറിയെ പഞ്ചായത്ത് ഡയറക്ടർ സസ്പെൻഡ് ചെയ്ത്, അന്വേഷണത്തിന് ഉത്തരവിട്ടു* ⇨

ഐക്യകണ്ഠേന പ്രമേയം പാസാക്കിയത്. എന്നാൽ ഇതെല്ലാം അവഗണിച്ചുകൊണ്ട് ക്രഷറുടമയെ സഹായിക്കുന്ന നിലപാടാണ് പാടക്കടവ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത്. ഒരു പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇത് സംബന്ധിച്ച് ഗ്രാമസഭകൾ പാസാക്കുന്ന പ്രമേയം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഒറീസയിൽ വേദാന്ത കമ്പനിയ്ക്ക് ഖനനത്തിന് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ് എന്ന കാര്യം ഇവിടെ പ്രസക്തമാണ്.

**രാഷ്ട്രീയപാർട്ടികളുടെ നിലപാട്**

ഇടത് വലത് വ്യത്യാസമില്ലാതെ രാഷ്ട്രീയ പാർട്ടി നേതാക്കൾ പാറമട-ക്രഷർ ലോബിക്ക് പിന്തുണനൽകുന്നതിന്റെ കാരണം പണത്തിന് മീതെ പരുന്തും പറക്കില്ല എന്നുള്ള സാർവ്വത്രിക സത്യമാണ്. അതുകൊണ്ടാണ് മാമ്പ്രയിലെ ക്രഷറിനും പാറമടകൾക്കുമെതിരായ ജനകീയ സമരത്തിന് സി.പി.ഐ ഒഴികെയുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒന്നും തന്നെ പിന്തുണ ഇല്ലാത്തത്. 2013 മാർച്ച് 5 ന് പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാൻഡ്റോക്ക് അഗ്രഗേറ്റ്സിന്റെ ക്രഷറിനും ക്വാറിക്കും നിയമവിരുദ്ധമായി (D&O) ലൈസൻസ് നൽകി. നാട്ടുകാരുടെ പരാതിയെതുടർന്ന് സെക്രട്ടറിയെ പഞ്ചായത്ത് ഡയറക്ടർ സസ്പെൻഡ് ചെയ്ത്, അന്വേഷണത്തിന് ഉത്തരവിട്ടു. ജനങ്ങൾ നൽകിയ അപ്പീൽ പരിഗണിക്കാനായി മാർച്ച് 14 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അസാധാരണയോഗം സെക്രട്ടറി നൽകിയ അനധികൃത ലൈസൻസ് മരവിപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും ഇടതുപക്ഷത്തിന്റെ 6 മെമ്പർമാരുടെയും ഭരണപക്ഷമായ കോഗ്രസിന്റെ 6 മെമ്പർമാരുടെയും എതിർപ്പിനെ തുടർന്ന് തീരുമാനമാകാതെ പിരിഞ്ഞു. ജനാഭിപ്രായത്തിന് വിരുദ്ധമായി പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ 18 മെമ്പർമാരിൽ 12 പേർ ക്രഷർ മുതലാളിക്ക് അനുകൂലമായി നിലപാട് സ്വീകരിക്കുന്നതിന്റെ കാരണം എന്താണ്?

തങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികൾ തങ്ങളുടെ താത്പര്യങ്ങൾക്കെതിരായ നിലപാട് എടുത്താൽ അവരെ നിലക്കുനിർത്തേണ്ടത് ജനങ്ങളുടെ കടമയാണ്. കഴിഞ്ഞ ആറ് മാസമായി നിരന്തരം സമരം ചെയ്യുന്ന നാട്ടുകാരെ, ഒരു കൂസലുമില്ലാതെ വാർഡ് മെമ്പർമാർ അവഗണിക്കുന്നതിന്റെ കാരണം അവർക്ക് ക്രഷർ ക്വാറിഉടമകളുമായുള്ള അവിശുദ്ധബന്ധം തന്നെയാണ്. ക്രഷറിനും ക്വാറിക്കുമെതിരായ സമരത്തിന് പിന്തുണ അഭ്യർത്ഥിച്ച് സി.പി.എമ്മിന്റെ ലോക്കൽ സെക്രട്ടറിയേയും കോൺഗ്രസ് പാർട്ടിയുടെ മണ്ഡലം പ്രസിഡന്റിനെയും സമീപിച്ചെങ്കിലും ജനകീയ സമരത്തോട് ഇവർ നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. മാത്രമല്ല, സി.പി.എമ്മിന്റെ പ്രാദേശിക നേതൃത്വം വികസന വിരോധികളെന്ന് മുദ്രകുത്തി പൊതുയോഗങ്ങളിലൂടെയും ലഘുലേഖകളിലൂടെയും സമരസമിതി നേതാക്കളെ അധിക്ഷേപിക്കുകയും സമരത്തിനെതിരെ ക്രഷർ മുതലാളിക്ക് അനുകൂലമായി കുപ്രചരണങ്ങൾ നടത്തുകയും ചെയ്യുകയാണ്.

വി.എസ്. അച്ചുതാനന്ദനെ നേരിൽ കണ്ട് നാട്ടുകാർ നിവേദനം നൽകിയെങ്കിലും പാർട്ടിയുടെ പ്രാദേശിക നേതൃത്വത്തിന്റെ സമർദ്ദങ്ങൾക്ക് വഴങ്ങി മാമ്പ്ര സന്ദർശിക്കുവാൻ അദ്ദേഹം തയ്യാറായിട്ടില്ല. പാർട്ടിയുടെ വി.എസ് പക്ഷക്കാരനായ ഒരു പ്രാദേശിക നേതാവ് ക്രഷറുമയുടെ റിയൽ എസ്റ്റേറ്റ് ഏജന്റായി പ്രവർത്തിച്ച് നാട്ടുകാരുടെ ഏക്കറ് കണക്കിന് സ്ഥലം ക്രഷറിന് വേണ്ടി കച്ചവടം നടത്തിയതിന്റെ രേഖകൾ സമിതിയുടെ പക്കലുണ്ട്. ഈ നേതാവ് പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന സമയത്താണ് ക്രഷറിനെതിരായി നാട്ടുകാർ നൽകിയിരുന്ന കേസിൽ മുതലാളിയുടെ സാക്ഷിയായി മൊഴി നൽകാൻ ഇദ്ദേഹം കോടതിയിലെത്തിയത്. ഈ അഴിമതിക്കാരനെ സംരക്ഷിക്കാനാണ് പാർട്ടിയുടെ പ്രാദേശിക നേതൃത്വം ശ്രമിക്കുന്നത്.

ക്രഷർ സമരത്തിനോടുള്ള പാർട്ടിയുടെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് നിരവധിപേർ സി.പി.എമ്മിൽ നിന്നും വിട്ട് സി.പി.ഐയിൽ ചേർന്നു. സമര സമിതി നൽകിയ കേസിലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളിസ്റ്റ് ക്വാറികൾക്ക് നിരോധന ഉത്തരവ് നൽകിയതിനെതിരെ ഒറ്റക്കെട്ടായി രംഗത്ത് വന്നിരിക്കുകയാണ് ഇടതുവലത് രാഷ്ട്രീയ പാർട്ടികളിലെ പ്രാദേശിക നേതാക്കൾ. സ്ഥലം എം.എൽ.എ ജോസ് തെറ്റയിലും എം.പി കെ.പി. ധനപാലനും സമരത്തിന് എതിരായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കെല്ലാം ക്വാറി മുതലാളിമാരോടുള്ള ബന്ധമാണ് ഈ സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. *(തുടരും)*